To
FMIS
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി. 13.01.2021

**ഇടമൺ ഫോറസ്റ്റ് കോപ്ലക്സിന്റേയും, കുളത്തൂപ്പുഴ സ്ട്രോങ് റൂമിന്റേയും ഉദ്ഘാടനം 16-ന്**

പുനലൂർ വനം ഡിവിഷനിലെ ഇടമണിൽ നിർമ്മിച്ച ഫോറസ്റ്റ് കോപ്ലക്സിന്റേയും, കുളത്തൂപ്പുഴ തടി ഡിപ്പോയിൽ പുതുതായി പണികഴിപ്പിച്ച സ്ട്രോംങ് റൂമിന്റേയും ഉദ്ഘാടനം വനം മന്ത്രി അഡ്വ. കെ. രാജു ജനുവരി 16-ന് നിർവ്വഹിക്കും.

ഉച്ചയ്ക്ക് 12.30 ന് ഇടമൺ ഫോറസ്റ്റ് കോംപ്ലക്സ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ശശിധരൻ അദ്ധ്യക്ഷത വഹിക്കും. എൻ. കെ. പ്രേമചന്ദ്രൻ എം.പി. മുഖ്യാതിഥിയാകും. പി.സി.സി. എഫ്. ദേവേന്ദ്രകുമാർ വർമ്മ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സഞ്ജയൻകുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

അന്നേ ദിവസം 2.30 ന് കുളത്തൂപ്പുഴ തടി ഡിപ്പോ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. അനിൽകുമാർ അദ്ധ്യക്ഷത വഹിക്കും. എൻ.കെ. പ്രേമചന്ദ്രൻ എം.പി. മുഖ്യാതിഥി ആകും. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ സുരേന്ദ്രകുമാർ, ഡി.കെ.വർമ്മ, ദക്ഷിണ മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സഞ്ജയൻകുമാർ, എ.ബി.പി. കൺസർവേറ്റർ ഡോ. ആർ. ആടലരശൻ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

13/01/2021

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ